14-ാം കേരള നിയമ സഭ

7-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 291 07.08.2017-ൽ മറുപടിയ്ക്ക്

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ നോൺ ക്ലിനിക്കൽ പി.ജി. കോഴ്സ്**

**ചോദ്യം**

**ശ്രീ. വി.ഡി. സതീശൻ :**

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നോൺ ക്ലിനിക്കൽ പി.ജി. കോഴ്സിന്റെ ഫീസ് കഴിഞ്ഞ വർഷം എത്രയായിരുന്നു ; ഈ വർഷം അത് എത്രയായിട്ടാണ് വർദ്ധിപ്പിച്ച് നൽകിയത്;

(ബി) 2016 ൽ ഈ കോഴ്സുകളിൽ മെറിറ്റ് / മാനേജ്മെന്റ് വിഭാഗത്തിൽ എത്ര സീറ്റുകൾ ഒഴിഞ്ഞു കിടന്നു; ഈ വർഷം അലോട്ട്മെന്റ് അവസാനിച്ചപ്പോൾ എത്ര സീറ്റുകൾ ഒഴിവുണ്ടായിരുന്നു എന്ന് അറിയിയ്ക്കുമോ ;

**മറുപടി**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

(എ)

| നോൺ ക്ലിനിക്കൽ പി.ജി. ഡിഗ്രി കോഴ്സ് ഫീസ് നിരക്ക് - 2016-17 | | |
|---|---|---|
| കോളേജ് | മെഡിക്കൽ ഡിഗ്രി (നോൺ ക്ലിനിക്ക്) | |
| | 50% ഗവൺമെന്റ് സീറ്റ് | 35% മാനേജ്മെന്റ് സീറ്റ് |
| 1.കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷൻ | 2,60,000/- | 10,00,000/- |
| 2. ഇതര സ്വാശ്രയ മെഡിക്കൽ കോളേജുകൾ | 2,60,000/- | 6,00,000/- |

| നോൺ ക്ലിനിക്കൽ പി.ജി. ഡിഗ്രി കോഴ്സ് ഫീസ് നിരക്ക് - 2017-18 | |
|---|---|
| പി.ജി. ഡിഗ്രി കോഴ്സ് | 8,50,000/- |
| പി.ജി. ഡിപ്ലോമ കോഴ്സ് | 6,40,000/- |

(ബി) 2016-17 വർഷം സ്വാശ്രയ കോളേജുകളിലെ 50% ഗവൺമെന്റ് മെറിറ്റ് സീറ്റുകളിൽ 7 എണ്ണം ഒഴിഞ്ഞു കിടന്നിരുന്നു. 2017-18 വർഷം സ്വാശ്രയ കോളേജുകളിൽ പി.ജി. മെഡിക്കൽ കോഴ്സിന്റെ 61 സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ട്.

(...........2)

| | |
|---|---|
| (സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത മെഡിക്കൽ വിദ്യാഭ്യാസം അപ്രാപ്യമാക്കുന്ന തരത്തിൽ ഈ വർഷം ഏർപ്പെടുത്തിയ ഫീസ് കാരണം പി.ജി. സീറ്റുകളിൽ വിദ്യാർത്ഥികളുടെ കുറവ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) പി.ജി. സീറ്റുകളിൽ വിദ്യാർത്ഥികളുടെ കുറവ് വന്നതിന്റെ കാരണം പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ